(1)	(2)	(3)
കുടിവെള്ള വിതരണം/ പുതിയ കിണർ	2,50,000.00	70% "
കുടിവെള്ള വിതരണം/ കിണർ, ടാങ്ക് പ്ലംബിംഗ്	2,50,640.00	
കുടിവെള്ള വിതരണം OH സിന്റക്സ് വാട്ടർ ടാങ്ക് 20000 ലിറ്റർ	7,37,349.50	പണി ആരംഭിച്ചിട്ടില്ല
കുടിവെള്ള വിതരണം	2602257.20	
ആകെ (ടാക്സ് ഉൾപ്പെടെ)	10000000	

കിസുമം പട്ടികജാതി കോളനി - ഏജൻസി- ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

ഭവനപുനരുദ്ധാരണം,സൈഡ് വാൾ, കിണർ പുനരുദ്ധാരണം, പശു വിതരണം, ആട് വിതരണം,ആട്ടോറിക്ഷ, റബ്ബർതൈ വിതരണം. തയ്യൽ മിഷ്യൻ, ചെടി വിതരണം,കോൺക്രീറ്റ് റോഡ് എന്നിവയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും കോളനി നിവാസികളുടെ നിസ്സഹ കരണം കാരണം പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കോളനിയെ ഒഴിവാക്കി മറ്റൊരു കോളനി നിർദ്ദേശിക്കാൻ സ്ഥലം എം.എൽ.എ. യോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

പുലയാസ് കോളനി വ്യക്തിഗത വാട്ടർ കണക്ഷൻ

197 (2406) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ ഇനിയും പൂർത്തീകരിക്കാനുള്ള വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് താത്കാലിക ഉടമസ്ഥാവകാശം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുലയാസ് കോളനിയിലെ വ്യക്തിഗത കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളായ 74 പേരിൽ 17 പേർക്ക് വീട്ടു നമ്പർ ഇല്ലാത്തതിനാലാണ് വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത്.

(ബി) സ്വയം പര്യാപ്തത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് മാത്രമായി സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നമ്പർ അനുവദിച്ച് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വില്ലേജ് ഓഫീസിൽ നിന്നും അടിയന്തരമായി രേഖകൾ ലഭ്യമാക്കുന്നതിന് എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 9 പേർക്കു കൂടി താൽക്കാലിക നമ്പർ ലഭിച്ചിട്ടുണ്ട്.

താനൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

198 (2407) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം പ്രവൃത്തികൾ ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസിയാണ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തതെന്നും വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുംപുറം കോളനി, അക്കിത്തടം ഐ.എച്ച്.ഡി.പി. കോളനി, നിറമരുതൂർ കൊണ്ടോമ്പാട്ട് കോളനി എന്നീ കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly